## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5069 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|
| **മാലിന്യ വസ്തുക്കളുടെ പുനരുൽപാദനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാലിന്യവസ്തുക്കളുടെ പുനരുൽപാദനം സാധ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ടോ;വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക. എന്ന ലക്ഷ്യത്തോടെ സർക്കാർ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മുഖേന 268 ടൺ ഇ-മാലിന്യങ്ങൾ ഇതേ വരെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുകയും ശാസ്ത്രീയമായ സംസ്കരണത്തിനും, പുനഃചംക്രമണത്തിനും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ വിജയകരമാണെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) & (സി) | മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിക്കാനാണുദ്ദേശിക്കുന്നത്.<br>1. ഉറവിട മാലിന്യസംസ്ക്കരണ സംവിധാനം വീടുകളിലും, പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും, കമ്മ്യൂണിറ്റി തലത്തിലും ഉറപ്പാക്കൽ.<br>2. അഴുകാത്ത മാലിന്യങ്ങൾ സമാഹരിക്കാനും, സംസ്ക്കരിക്കാനും, പുനഃചംക്രമണത്തിന് കൈമാറുന്നതിനും നടപടി ആരംഭിക്കൽ.<br>3. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ.<br>4. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക് മാലിന്യം ഉപയോഗിക്കുക.<br>5. വീടുകളിലും സ്ഥാപനങ്ങളിലും അഴുകാത്ത മാലിന്യങ്ങൾ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള പരിശീലനങ്ങൾ.<br>6. ബൃഹത്തായ 'ഹരിത കേരളം' ക്യാമ്പയിൻ.<br>7. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.<br>8. ഗ്രീൻ പ്രോട്ടോകോൾ സ്ഥാപനങ്ങൾക്ക് ബാധകമാക്കാനുള്ള നടപടികൾ, പരിശീലനങ്ങൾ, സംവിധാനങ്ങൾ സൃഷ്ടിക്കൽ, പരിശോധനാ സംവിധാനം സൃഷ്ടിക്കൽ. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് പുതിയ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | 9. ദ്രവ മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിക്കൽ.<br>10. സ്ഥാപനങ്ങളിൽ ഉറവിട (onsite) ദ്രവ മാലിന്യ സംസ്കരണ സംവിധാനം.<br>11. പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ.<br>12. സ്ളോട്ടർ ഹൗസ്, ക്രിമറ്റോറിയം സ്ഥാപിക്കുന്നതിനുള്ള ആസൂത്രണവും നിർവഹണവും.<br>13. ഓരോ പങ്കാളികൾക്കും വേണ്ടി വെവ്വേറെ ശേഷീ വികസന പരിശീലന പ്രവർത്തനങ്ങൾ.<br>14. വിവരവിജ്ഞാന വ്യാപന പരിപാടികൾ. |
| (ഡി) | ഇവ മേഖലാ അടിസ്ഥാനത്തിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | പൊതുജന പങ്കാളിത്തത്തോടെ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി വ്യാപകമാക്കുകയെന്ന ലക്ഷ്യത്തോടെ ബൃഹത്തായ 'ഹരിത കേരളം' ക്യാമ്പയിൻ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ